**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4892** **20-03-2025 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ-ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ നിന്നും കാസർഗോഡ് ജില്ലയിലെ തലപ്പാടി വരെ തീരദേശ ഹൈവേ കടന്നു പോകുന്ന ഭാഗങ്ങളിൽ വികസിപ്പിക്കാൻ കഴിയാവുന്ന സ്ഥാപനങ്ങളേയും മേഖലകളെയും പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ നിന്നും ആരംഭിച്ച് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് അവസാനിക്കുന്ന 605 കിലോമീറ്റർ ദൈർഘ്യത്തിൽ 9 തീരദേശ ജില്ലകളിലൂടെ കടന്നു പോകുന്നതും കിഫ്‌ബി ഫണ്ടിംഗ് വിനിയോഗിച്ച് അഭിവൃദ്ധിപ്പെടുത്തുന്നതുമായ തീരദേശ ഹൈവേ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി കേരള റോഡ് ഫണ്ട് ബോർഡിനെയാണ് സർക്കാർ നിയോഗിച്ചിരിക്കുന്നത്. തീരദേശ ഹൈവേയുടെ വിവിധ റീച്ചുകളുടെ ഡി.പി.ആർ. NATPAC, ASSYSTEM, IDECK എന്നീ സ്ഥാപനങ്ങൾ മുഖേന തയ്യാറാക്കി വരുന്നു. സംസ്ഥാനത്തെ തീരമേഖലയിലെ ടൂറിസം സാധ്യതകൾ, മത്സ്യബന്ധന മേഖലയും അനുബന്ധമായ വ്യവസായങ്ങളും, ഹൈവേ യാത്രികരുടെ സൗകര്യം ഒരുക്കുന്നതിലൂടെയുള്ള പുരോഗതി എന്നിവ കണക്കിലെടുത്താണ് തീരദേശ ഹൈവേയുടെ നിർമ്മാണം രൂപകൽപ്പന ചെയ്തിട്ടുള്ളത്. തീരദേശ ഹൈവേയുടെ ഭാഗമായി 2.5 മീറ്റർ വീതിയിൽ സൈക്കിൾ ട്രാക്കും കൂടാതെ ഓരോ 25 കിലോമീറ്റർ ഇടവേളകളിൽ അമിനിറ്റി സെന്ററുകളും വിഭാവനം ചെയ്തിട്ടുണ്ട്. സൈക്കിൾ ട്രാക്കിന്റെ പരിപാലനം, ഉത്തരവാദിത്വ ടൂറിസം മിഷന്റെ ഭാഗമായി തദ്ദേശീയരെ തന്നെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. തീരദേശ ഹൈവേ പൂർത്തിയാകുന്നതോടെ തീരദേശ മേഖലയിലെ കണക്റ്റിവിറ്റി സുഗമമാകുകയും ഇത് ടൂറിസം മേഖലയ്ക്ക് ഉത്തേജനമാകുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിൽ തീരദേശ ഹൈവേയുടെ പൂർത്തീകരണം എന്തെല്ലാം | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | സാധ്യതകളാണ് മുന്നോട്ടു വയ്ക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ; | | |
| (സി) | വ്യവസായ മേഖലയിലെ കൊമേഴ്സ്യൽ ക്ലസ്റ്ററുകൾക്കുള്ള സാധ്യതകൾ പഠന വിധേയമാക്കിയിട്ടുണ്ടോ; അറിയിക്കുമോ; | (സി) | (എ) പിരിവിന്റെ അതേ മറുപടി. |
| (ഡി) | മറൈൻ ട്രേഡ് സോണുകൾ വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ